**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5526** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഗോസമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗോസമൃദ്ധി പദ്ധതിയിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ കർഷക വിഹിതം അടച്ചിട്ടും മൃഗസംരക്ഷണ വകുപ്പിന്റെ പങ്കുകൂടി ചേർത്ത് ഇൻഷ്വറൻസ് പൂർത്തിയാക്കുന്നതിന് ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഇൻഷ്വറൻസ് കമ്പനിയുടെ ബാങ്ക അക്കൗണ്ടിലേക്ക് പണം കൈമാറാൻ സാധിക്കാത്ത സാഹചര്യം നിലവിൽ ഇല്ല.<br><br>നിലവിൽ ഗോസമൃദ്ധി കന്നുകാല ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ പ്രീമിയത്തിന്റെ കർഷക വിഹിതം വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് SB Collect എന്ന പേയ്മെന്റ് ഗേറ്റ് വേയിലൂടെയാണ സമാഹരിക്കുന്നത്. സർക്കാർ സബ്സിഡ തുക ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത വകുപ്പ് ഡയറക്ടറുടെ മറ്റൊരു ബാങ്ക അക്കൗണ്ടിൽ നിന്നാണ്. SB Collect ലൂടെ സമാഹരിച്ച കർഷകവിഹിതവും സർക്കാ സബ്സിഡി തുകയും ഒരുമിച്ചാണ ഇൻഷ്വറൻസ് കമ്പനിയുടെ ബാങ്ക അക്കൗണ്ടിലേക്ക് കൈമാറുന്നത ആയതിനാൽ കർഷക വിഹിതം സഹിത അപേക്ഷകൾ സമർപ്പിക്കപ്പെടുമ്പോ ആയതിന്റെ കൂടെ സർക്കാർ വിഹിതവും കൂട ചേർത്ത് ഇൻഷ്വറൻസ് കമ്പനിയുടെ ബാങ്ക അക്കൗണ്ടിലേക്ക് പണം കൈ മാറുന്ന നടപടിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. |
| (ബി) | ഗോസമൃദ്ധി പദ്ധതിക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ വകുപ്പ് അനുവദിച്ച തുകയും കൈമാറിയ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഗോസമൃദ്ധി പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 600 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു. എന്നാൽ ടി തുകകൾ അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| (സി) | ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്തും പ്രീമിയം തുക നിശ്ചയിച്ചും കഴിഞ്ഞ സാമ്പത്തിക വർഷം ധനവകുപ്പിന് ശിപാർശ സമർപ്പിച്ചത് എന്നാണ്; പ്രസ്തുത ശിപാർശ ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; | (സി) | ഇൻഷ്വറൻസ് കമ്പനിയായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനെ (OIC) തെരഞ്ഞെടുത്തും അവർ സമർപ്പിച്ച പ്രീമിയം നിരക്കുകൾ അംഗീകരിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് |

| | | | |
|---|---|---|---|
| | എങ്കിൽ എന്നാണ് അംഗീകാരം നൽകിയത്; വിശദാംശം വ്യക്തമാക്കാമോ? | | ഡയറക്ടർ 27-06-2023-ന് നൽകിയ പ്രൊപ്പോസലിൻമേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ 20.07.2023-ന് ധനകാര്യവകുപ്പിനു നൽകി. കാലാകാലങ്ങളിൽ SNA/PFMS ബാങ്ക് അക്കൗണ്ടുമായി ബന്ധപെട്ട സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മുൻ വർഷങ്ങളിൽ ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിലും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിലും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിലെല്ലാം വ്യക്തത വരുത്തിയും പ്രസ്തുത പദ്ധതിയ്ക്കായി അനുമതി നൽകാമെന്ന അഭിപ്രായത്തോടെ ധനകാര്യ വകുപ്പ് ഫയൽ 27/03/2024-ന് മൃഗസംരക്ഷണ വകുപ്പിന് തിരികെ നൽകി. തുടർന്ന് മൃഗസംരക്ഷണ വകുപ്പ് 30.03.2024-നു G.O (Rt) No.157/2024-AHD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായി. |

സെക്ഷൻ ഓഫീസർ